**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3706** | **02-03-2023 - ൽ മറുപടിയ്ക്ക്**

**കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ . ടി. വി. ഇബ്രാഹിം | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി രാഷ്ട്രീയ ഗോകുൽ മിഷൻന് കീഴിൽ "കന്നുകാലി വർദ്ധനവിനായി ഫാമുകൾ" എന്ന പദ്ധതി നിലവിലുണ്ട്. പശു/ എരുമ വളർത്തൽ മേഖലയിൽ സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കുകയും ,സഹായിക്കുകയും ചെയ്യുക എന്നതാണ് ഉദ്ദേശിക്കുന്നത്. സ്വകാര്യ വ്യക്തികൾ, സ്വയം സഹായ സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ,സംയുക്ത ബാധ്യതാ ഗ്രൂപ്പുകൾ, സെക്ഷൻ 8 പ്രകാരമുള്ള കമ്പനികൾ എന്നിവർ പദ്ധതിക്ക് അർഹരാണ്. ഉചിതമായ സ്ഥലത്ത് ആവശ്യമായ സ്ഥലം അപേക്ഷകൻ ഒരുക്കേണ്ടതാണ്. ഇപ്രകാരമുള്ള കുറഞ്ഞത് 5 ഏക്കർ സ്ഥലം സ്വന്തമായോ/ ലീസ് വ്യവസ്ഥയിലോ ഉണ്ടായിരിക്കണം. കുറഞ്ഞത് 200കറവപ്പശുക്കൾ/ എരുമകൾ എന്നിവയെ വളർത്തുന്ന ഫാമുകൾ സ്ഥാപിക്കുകയും നൂതനമായ പ്രജനന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് വംശവർദ്ധനവ് നടത്തുകയും ചെയ്യണം. ഓരോ സംരംഭകനും, മൊത്തം പദ്ധതി തുകയുടെ 50% വരെ സബ്സിഡി ഒറ്റത്തവണയായി ലഭിക്കുന്നതാണ്. മൂലധന ചെലവുകൾക്ക്(സ്ഥലത്തിന്റെ വിലയൊഴികെ) മാത്രമാണ് സബ്സിഡി ലഭിക്കുക. പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം, NDDB യാണ് താത്പര്യ പ്രകടനം (Expression of Interest) ക്ഷണിക്കുന്നത്. താത്പര്യമുള്ള സംരംഭകൻ മാനദണ്ഡപ്രകാരമുള്ള പദ്ധതിരേഖ തയ്യാറാക്കി അപേക്ഷ സഹിതം NDDBക്ക് സമർപ്പിക്കണം. പരമാവധി തുക 400 ലക്ഷവും പരമാവധി സബ്സിഡി തുക 200 ലക്ഷവുമായിരിക്കും. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിലുള്ള മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ച് കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ബി) | ക്ഷീരകർഷകർക്ക് രാത്രികാലങ്ങളിൽ ഉൾപ്പെടെ വെറ്ററിനറി സേവനങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | മൃഗങ്ങളെ ആശുപത്രികളിൽ കൊണ്ടുവരുന്നതിന് കർഷകർ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായും രാത്രി സമയങ്ങളിൽ അടിയന്തര മൃഗചികിത്സ നൽകുന്നതിനായും കർഷകരുടെ വീട്ടുപടിക്കൽ ആരോഗ്യ സുരക്ഷാ സേവനങ്ങൾ നൽകുന്നതിനായും രാത്രികാല അടിയന്തിര വെറ്ററിനറി സേവനം പദ്ധതി 2012-13 സാമ്പത്തിക വർഷം മുതൽ ഏർപ്പെടുത്തിയിട്ടുണ്ട്. രാത്രികാല അടിയന്തിര വെറ്ററിനറി സേവനം പദ്ധതി സംസ്ഥാനത്തെ 152 ബ്ലോക്കുകളിലും തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപ്പറേഷനുകളിലും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലുമുൾപ്പെടെ സംസ്ഥാനത്ത് 156 സെന്ററുകളിൽ നിലവിൽ നടപ്പിലാക്കുന്നു. വൈകുന്നേരം 6 മണി മുതൽ രാവിലെ 6 മണിവരെയാണ് ഈ സേവനം ലഭിക്കുക. പദ്ധതിയുടെ കീഴിൽ സംസ്ഥാനത്തെ 13 ജില്ലകളിൽ ആമ്പുലേറ്ററി സർവ്വീസ് പ്രവർത്തിക്കുന്നു. കൂടാതെ കൊല്ലം ജില്ലയിൽ ആധുനിക സൗകര്യങ്ങളോട് കൂടിയ ടെലിവെറ്ററിനറി യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. പദ്ധതി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ആദ്യ ഘട്ടമെന്ന നിലയിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ LH&DC യുടെ കീഴിലുള്ള മൊബൈൽ യൂണിറ്റ് പദ്ധതിയിൽ 29 വെറ്ററിനറി യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. RKVY പദ്ധതിയുടെ കീഴിൽ 3 വെറ്ററിനറി യൂണിറ്റുകൾ പത്തനംതിട്ട, പാലക്കാട് വയനാട് ജില്ലകളിലും റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ കീഴിൽ എറണാകുളം, കണ്ണൂർ ജില്ലകളിൽ 2 മൊബൈൽ വെറ്ററിനറി യൂണിറ്റുകളും സ്ഥാപിച്ച് കഴിഞ്ഞു. കൂടാതെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ കീഴിൽ 12 അധിക യൂണിറ്റുകൾ കൂടി സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. എല്ലാ ബ്ലോക്കുകളിലും മൊബൈൽ വെറ്ററിനറി യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. |
| (സി) | കാലിത്തീറ്റ ന്യായവിലയ്ക്ക് ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | മൃഗസംരക്ഷണ വകുപ്പ് SLBP പദ്ധതിയിൽപ്പെടുത്തി 4 മുതൽ 6 മാസം പ്രായമുള്ള കന്നുകുട്ടികളെ വിവിധ പദ്ധതികളിലായി വരിചേർത്ത് 50% സബ്സിഡി |

| | | | |
|---|---|---|---|
| | | | നിരക്കിൽ നിലവിലെ പരമാവധി സബ്സിഡി ആയ 12,500/- രൂപയിൽ നിജപ്പെടുത്തി, തിരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് കന്നുകുട്ടി തീറ്റ ലഭ്യമാക്കി വരുന്നു. കൂടാതെ വിവിധ പഞ്ചായത്തുകളുടെ പദ്ധതിയിൽ ഉൾപ്പെടുത്തി തിരഞ്ഞെടുക്കപ്പെട്ട കർഷകരുടെ കറവ പശുക്കൾക്കും, ഗർഭിണി പശുക്കൾക്കും സബ്സിഡി നിരക്കിൽ തീറ്റയും നല്കി വരുന്നു.<br><br>കേരള ഫീഡ്സ് ഉത്പാദിപ്പിക്കുന്ന കാലിത്തീറ്റകൾ ഏറ്റവും ന്യായമായ വിലയ്ക്കാണ് വിപണിയിൽ എത്തിക്കുന്നത്. നവംബർ 2022 ൽ കാലിത്തീറ്റയുടെ വിലവർദ്ധിപ്പിച്ചശേഷവും അസംസ്കൃത സാധനങ്ങളുടെ വില വർദ്ധനവ് പൂർണമായും പ്രതിഫലിക്കുന്ന തരത്തിലുള്ള വിലവർധനവ് കേരള ഫീഡ്സ് വരുത്തിയിട്ടില്ല. നിലവിൽ കേരള ഫീഡ്സ് കാലിത്തീറ്റകൾക്ക് സമാനമായ സ്വകാര്യ മേഖലയിലെ കാലിത്തീറ്റയേക്കാൾ 35/- രൂപ വിലക്കുറവുണ്ട്. |

സെക്ഷൻ ഓഫീസർ